ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ, തിരുവനന്തപുരം**

**[ ഹാജർ : ആസിഫ് കെ യൂസഫ് . IAS ]**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - വിജിലൻസ് - മലപ്പുറം, കീഴുപറമ്പ വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജനായിരുന്ന ഡോ. കെ.പി.മുഹമ്മദിന് അനുവദിച്ച ശൂന്യവേതനാവധി അവസാനിച്ചിട്ടും സർവ്വീസിൽ തിരികെ പ്രവേശിക്കാത്തത് - ടിയാന്റെ പ്രൊബേഷൻ നിർത്തലാക്കി സർവ്വീസിൽ നിന്നും ഡിസ്ചാർജ് ചെയ്തു ഉത്തരവാകുന്നു.

| നമ്പർ :- AHD/2237/2022-X2 | തീയതി:13-02-2025 |
|---|---|

പരാമർശം:
1. സർക്കാരിന്റെ 17-01-2022 ലെ E3/302/2021-AH നം. കത്ത്.
2. ഈ ഓഫീസിലെ 22-02-2022 ലെ AHD/5556/2021-D4 നമ്പർ കത്ത്.
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 18-09-2022 ലെ ഇതേ നം. കത്ത്.
4. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 07-07-2024 ലെ നം. കാരണം കാണിക്കൽ നോട്ടീസ്.
3. മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 21-11-2024 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം, കീഴുപറമ്പ വെറ്ററിനറി ഡിസ്പെൻസറിയിലെ വെറ്ററിനറി സർജനായിരുന്ന ഡോ. കെ.പി.മുഹമ്മദിന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം 06/03/2017 മുതൽ 5 വർഷത്തേയ്ക്ക് KSR Part I Appendix XII A ലെ വ്യവസ്ഥകൾക്ക് വിധേയമായി വിദേശത്ത് തൊഴിൽ സ്വീകരിക്കുന്നതിന് ശ്യൂന്യവേതനാവധി അനുവദിച്ച് നൽകിയിരുന്നു. കേരള സർക്കാർ ധനകാര്യ (റൂൾസ്-ബി) വകുപ്പിന്റെ 30/12/2020 ലെ 83/2020/ധന നമ്പർ സർക്കുലറിൽ സംസ്ഥാനത്തെ ഒരു ഉദ്യോഗസ്ഥന് സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശ്യൂന്യവേതനാവധി കാലയളവ് 05/11/2020 മുതൽ പ്രാബല്യത്തിൽ പരമാവധി 5 വർഷം ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടിയാന്റെ അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുവാൻ കഴിയുകയില്ലന്നും അനുവദിച്ച ശൂന്യവേതനാവധിയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉടനടി സർവ്വീസിൽ തിരികെ പ്രവേശിക്കുവാൻ അപേക്ഷകന് നിർദ്ദേശം നൽകേണ്ടതാണെന്നും, സർവ്വീസിൽ തിരികെ പ്രവേശിച്ചില്ലായെങ്കിൽ XII-A ചട്ടം 9 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഡോ. കെ.പി.മുഹമ്മദിന് അനുവദിച്ച ശൂന്യവേതനാവധിയുടെ

കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉടനടി സർവീസിൽ തിരികെ പ്രവേശിക്കുവാൻ ടിയാന് സൂചന (2) പ്രകാരം ഈ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ശേഷവും ടിയാൻ സർവീസിൽ തിരികെ പ്രവേശിക്കാത്തതിനാൽ സൂചന (3) പ്രകാരം ടിയാന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. നോട്ടീസിന് മറുപടിയും ടിയാനിൽ നിന്നും ലഭ്യമായിട്ടില്ല. 31/12/2009 ൽ സർവ്വീസിൽ പ്രവേശിച്ച ഡോ. കെ.പി.മുഹമ്മദിന്റെ പരിവീക്ഷാ കാലയളവ് 31/12/2009 മുതൽ 3 വർഷ കാലയളവിനുള്ളിലെ 2 വർഷമായിരുന്നു. എന്നാൽ ടിയാൻ നാളിതുവരെ പരിവീക്ഷാകാലംപോലും പൂർത്തീകരിച്ചിട്ടില്ല.പരിവീക്ഷാകാലം പൂർത്തീകരിക്കാത്ത ജീവനക്കാരെ KS& SSR ഭാഗം II ലെ ചട്ടം 19 പ്രകാരം വിശദീകരണം ബോധിപ്പിക്കാൻ അവസരം നൽകിയതിനു ശേഷം നിയമനാധികാരിക്ക് തന്നെ പ്രൊബേഷൻ നിർത്തലാക്കി സർവ്വീസിൽ നിന്നും ഡിസ്ചാർജ് ചെയ്യാവുന്നതാണ്. ടിയാന്റെ പ്രൊബേഷൻ കെ.എസ്.& എസ്.എസ്.ആർ ഭാഗം II ലെ ചട്ടം 19 പ്രകാരം ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് എന്തെങ്കിലും കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് രേഖാമൂലം സമർപ്പിക്കുവാൻ കാരണം കാണിക്കൽ നോട്ടീസ് സൂചന (4) പ്രകാരം നൽകിയിരുന്നു. എന്നാൽ നാളിതുവരെ കൈപറ്റു പകർപ്പോ, നോട്ടീസിന് വിശദീകരണമോ ടിയാനിൽ നിന്നും ലഭ്യമായിട്ടില്ല.

കാരണം കാണിക്കൽ നോട്ടീസ് ടിയാന്റെ നാട്ടിലെ മേൽ വിലാസത്തിലേയ്ക്കും, വിദേശത്തെ മേൽ വിലാസത്തിലേയ്ക്കും അയച്ചു നല്കിയിട്ടുണ്ടെന്നും ആയതിന്റ കൈപ്പറ്റ് പകർപ്പോ, വിശദീകരണമോ നാളിതുവരെ ലഭിച്ചിട്ടില്ലെന്നും വിദേശത്തെ വിലാസത്തിൽ അയച്ച നോട്ടീസ് INCOMPLETE ADDRESS എന്ന കാരണത്താൽ തിരികെ വന്നതായും, നാട്ടിലെ മേൽ വിലാസത്തിൽ അയച്ച നോട്ടീസ് 15/07/2024 ന് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന ട്രാക്ക് കൺസെന്റ്മെന്റിന്റെ പകർപ്പ ലഭ്യമായിട്ടുണ്ടെന്നും മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരിവീക്ഷാകാലം പൂർത്തീകരിക്കാതെയും 06/03/2017 മുതൽ 5 വർഷത്തേയ്ക്ക് KSR Part I Appendix XII A ലെ വ്യവസ്ഥകൾക്ക് വിധേയമായി വിദേശത്ത് തൊഴിൽ സ്വീകരിക്കുന്നതിന് അനുവദിച്ച ശൂന്യവേതനാവധി അവസാനിച്ച ശേഷം അനധികൃതമായി ജോലിക്കു ഹാജരാകാതെ സർവീസിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ. കെ.പി.മുഹമ്മദിന്റെ പ്രൊബേഷൻ, ടിയാന്റെ അച്ചടക്കധികാരിയായ മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്കെ.എസ്.& എസ്.എസ്.ആർ ഭാഗം II ലെ ചട്ടം 19 (ii) പ്രകാരം നിർത്തലാക്കി സർവീസിൽ നിന്നും ഡിസ്ചാർജ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

DIRECTOR

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

Signed by
Asif K Yusuf
Date: 13-02-2025 19:26:59

സ്വീകർത്താവ്

1. Dr.Muhammed.K.P
Veterinary Surgeon, Kizhakke Parambath (House) ShappinkunnuPulpetta.P.O Manjeri,

Malappuram- 676123

2. Dr.Muhammed Kizhakke Parambath, AL-FAHAD BuildingRas-Al Khor -3- Dubari UAE

3. Dr.Muhammed Kizhakke Parambath, Milan Plus Equestrian and Equipments LLC. P.O Box - 126 210Ras- Al Khor- DubaiUnited Arab Emirates

പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ (എ &ഇ ),കേരള

2) ജില്ലാ മൃഗസംരക്ഷണ ഓഫീസർ, മലപ്പുറം (അറിവിലേയ്ക്ക്).

3) ഐ.ടി ഓഫീസർ ( വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിന്)

4) കരുതൽ ഫയൽ - എക്സ്.2 സീറ്റ്.